# മാർക്സിസ്റ്റ് ഫാസിസം ചവച്ചുതുപ്പിയ നാട്ടിൽ

കാരൂർ സോമൻ, ലണ്ടൻ · Jun 9, 2024, 08:30 am IST in Varadyam

FOLLOW ON Google News




Facebook | Twitter | WhatsApp | Telegram | Linkedin | Email

മണ്ണിൽ സുഖനിദ്രകൊള്ളുന്ന റൊമാനിയൻ പാർലമെന്റ് കൊട്ടാരത്തിൽ നിന്ന് ഞങ്ങൾ പുറത്തിറങ്ങി. റൊമാനിയയുടെ തിലകക്കുറിയായി പുഞ്ചിരിപ്രഭ പൊഴിച്ചുനിൽക്കുന്ന കൊട്ടാരത്തെ ഹൃദയംഗമമായ സ്നേഹവായ്പോടെ ഒന്നുകൂടി നോക്കി. മുന്നിൽ വളരെ അപൂർവ്വമായി കണ്ടുവരുന്ന പൂക്കൾ തളിരിട്ടും വിടർന്നും ശോഭിച്ചുനിൽക്കുന്നു. ഇവിടെനിന്ന് പോകുന്നത് 1965 മുതൽ 1989 വരെ റൊമാനിയൻ കമ്മ്യൂണിസ്റ്റ് ഏകാധിപതിയും റൊമേനിയയുടെ രണ്ടാമത്തെയും അവസാനത്തെയും ഭരണാധിപനുമായിരുന്ന നിക്കോളാ സ്യൂസെസ്ക്യൂ മ്യൂസിയം കാണാനാണ്.

ഞങ്ങൾ തിരക്കേറിയ നഗരവഴിയിലേക്കിറങ്ങി. റോഡിലൂടെ അലറിപ്പാഞ്ഞു പോകുന്ന സൈറൺ വിളികൾ. റോഡ് മുറിച്ചുകടന്ന് നടക്കവേ തോടുപോലെ നീണ്ടുകിടക്കുന്ന ജലാശയത്തിലെ ഫൗണ്ടനിൽ നിന്ന് നിറഭേദങ്ങളോടെ ജലകണങ്ങൾ ചീറിപ്പായുന്നു. പൂനിലാവിൽ കുളിച്ചുനിൽക്കുന്ന പ്രതീതി. റോഡുകളിൽ നല്ല തിരക്കാണ്. കൃത്യമായ ആസൂത്രണത്തോടെ പാർലമെന്റ് കൊട്ടാരത്തിന് കാന്തി പകരാനാണ് ഈ സൗന്ദര്യപ്രവാഹം നിർമ്മിച്ചിരിക്കുന്നതെന്ന് തോന്നും.

ഞാനും റജി നന്തികാട്ടും അടുത്തുള്ള ഒരു റെസ്റ്റോറന്റിൽ കയറി ഭക്ഷണം കഴിച്ചിട്ടാണ് യൂബർ ടാക്സിയിൽ റൊമാനിയയിലെ കമ്യൂണിസ്റ്റ് ഏകാധിപതിയായിരുന്ന നിക്കോളാ സ്യൂസെസ്ക്യൂവിന്റെ മ്യൂസിയത്തിലേക്ക് തിരിച്ചത്. റോഡുകളുടെ ഇരുഭാഗങ്ങളിലും മരങ്ങൾ വളർന്നുനിൽക്കുന്നു. സമ്പന്ന രാജ്യമല്ലെങ്കിലും റോഡുകൾ മനോഹരങ്ങളാണ്. ഒരു വീടിന് മുന്നിൽ കോറക്സ് ഇനത്തിലുള്ള ആപ്പിൾ കണ്ടു. മഞ്ഞപ്പട്ട് പുതച്ച ആകാശത്ത് സൂര്യൻ പുറത്തുവരാതെ മടിച്ചുനിന്നു. വെള്ളി മേഘങ്ങൾ പിണങ്ങിപ്പോകുന്നു. എങ്ങും മനോഹരങ്ങളായ വീടുകൾ. ഡ്രൈവർക്ക് ഇംഗ്ലീഷ് അറിയാം. ഞാൻ പേര് ചോദിച്ചു-അലക്സൻഡ്രു.

ഞങ്ങൾ ഇന്ത്യയിൽ നിന്നെന്ന് കേട്ടപ്പോൾ അയാൾ നന്ദി പറഞ്ഞു. ഞങ്ങൾ സംസാരിച്ചിരിക്കെ ഡ്രൈവർ അറിയിച്ചത് നമ്മൾ സഞ്ചരിക്കുന്ന ഈ റോഡ് നിക്കോളാ സ്യൂസെസ്ക്യൂവിന് മാത്രം സഞ്ചരിക്കാനുള്ള റോഡായിരുന്നു. ഇതുവഴി മറ്റാർക്കും സഞ്ചരിക്കാനുള്ള അനുവാദമില്ലായിരുന്നു. അതൊരു പുതിയ അറിവായിരുന്നു. ആ നിമിഷങ്ങളിൽ ഓർത്തത് കേരളത്തിൽ ഒരുകാലത്ത് പിന്നാക്ക സമുദായക്കാർക്കും ദളിത് വിഭാഗങ്ങൾക്കും റോഡുകളിൽ നടക്കാൻ സ്വാതന്ത്ര്യമില്ലാത്ത കാര്യമായിരുന്നു.

അധികാരവും സമ്പത്തും ഏകാധിപതികളെ വളർത്തി വലുതാക്കിയ രാജ്യങ്ങളിൽ പ്രധാനപ്പെട്ടവയാണ് റഷ്യ, ഫ്രാൻസ്, ഇറ്റലി, സ്പെയിൻ, ജർമ്മനി. ഇവരുടെ അടിത്തറതോണ്ടിയ രക്തസാക്ഷികളായ സാഹിത്യ പ്രതിഭകളെ ഓർത്തിരിക്കെ നിറപ്പകിട്ടാർന്ന മരങ്ങളുടെയടുത്ത് ടാക്സി നിന്നു. മുന്നിൽ തലയുയർത്തി നിൽക്കുന്ന മ്യൂസിയത്തിലേക്ക് നടന്നു. എങ്ങും ഹരിതശോഭ പരന്നുനിന്നു. സ്യൂസെക്യൂവിനെ അരുംകൊല ആ ഏകാധിപതി താമസിച്ച കൊട്ടാരത്തിന് അഴകും ശക്തിയും നൽകി മ്യൂസിയമാക്കി സഞ്ചാരികളെ ആകർഷിച്ച് വരുമാനമുണ്ടാക്കുന്നു. മ്യൂസിയത്തിൽ കയറാനുള്ള ടിക്കറ്റ് ഓൺലൈൻ വഴി എടുത്തിട്ടുണ്ട്. ടിക്കറ്റ് കാണിച്ചു. സ്നേഹ വിനയത്തോടെ ഒരു മധ്യവയസ്ക ഞങ്ങളെ തെല്ലിട നോക്കിയിട്ട് 'ബിനി ആയി വെനിറ്റ്' (സ്വാഗതം) എന്ന് റൊമാനിയൻ ഭാഷയിൽ അകത്തേക്ക് ക്ഷണിച്ചു. അവൾക്കൊപ്പം ഒരു പുരുഷൻ പടച്ചട്ടപോലെ ചുവന്ന വസ്ത്രമണിഞ്ഞു നിൽക്കുന്നു. അകത്തുകടക്കുന്നതിന് മുൻപ് ചെരിപ്പുകൾ അഴിച്ചിടണം. കാലിലിടാൻ ബലൂൺ രൂപത്തിലുള്ള പ്ലാസ്റ്റിക് ചെരുപ്പ് തന്നു. അത് പാദങ്ങളിൽ തിരുകിക്കയറ്റി അകത്തേക്ക് നടന്നു. എങ്ങും കണ്ണിന് കുളിർമ നൽകുന്ന കാഴ്ചകൾ.

ആദ്യ മുറിയിൽ തന്നെ നിക്കോളാ സ്യൂസെസ്ക്യൂവിന്റെ വലിയ പടം ചുമരിൽ പതിച്ചിരിക്കുന്നു. പലയിടത്തും മനോഹര മാർബിൾ ശിൽപങ്ങൾ, ചിത്രങ്ങൾ. സ്യൂസെസ്ക്യൂ ഉപയോഗിച്ച മേശകൾ, കസേരകൾ. ഞങ്ങൾ പത്തുപേർക്ക് സുന്ദരിയായ ഒരു ഗൈഡിനെ തന്നു. പേര് അന്റോനിയോ. അവളുടെ സന്തോഷം വിടർന്ന കണ്ണുകൾപോലെ ശബ്ദവും സുന്ദരമാണ്. മനോഹരങ്ങളായ മാർബിൾ പതിച്ച പാതകളിലൂടെ മുന്നോട്ട് നടക്കവേ അന്റോനിയോ ഞങ്ങളെ പരിചയപ്പെട്ടു. ഞങ്ങൾ ഇന്ത്യക്കാർ എന്നറിഞ്ഞപ്പോൾ ആനന്ദാശ്രുക്കൾ പൊഴിച്ചുകൊണ്ട് ഒരു സന്തോഷ വാർത്ത പറഞ്ഞു. ഈ മ്യൂസിയത്തിൽ കാണുന്ന മാർബിൾ ഇറ്റലിയിൽ നിന്ന് മാത്രമല്ല ഇന്ത്യയിൽ നിന്നുമുണ്ട്. അത് ഞങ്ങളിൽ വിസ്മയമുളവാക്കി. പുറത്തെ ഹരിതശോഭപോലെ ഓരോ മുറികളും പാർലമെന്റ് കൊട്ടാരംപോലെ രത്നവർണ്ണങ്ങളാണ്. മുകളിൽ തുങ്ങിക്കിടക്കുന്ന മനോഹര വിളക്കുകൾക്കും അതേ ശോഭയാണ്.

ഗൈഡ് അന്റൊനിയോ സ്യൂസെസ്ക്യൂവിന്റെ ചില ഫോട്ടോകൾ ചൂണ്ടികൊണ്ട് പറഞ്ഞു. ജീവിതം ഈ മ്യൂസിയത്തിൽ ചുറ്റപ്പെട്ടു കിടക്കുന്നു. വിവിധ രാജ്യങ്ങളിലെ രാഷ്ട്രതലവന്മാരുമായുള്ള ഫോട്ടോകൾ വളരെ അഭിമാനത്തോടെ കണ്ടു. ഞാൻ സ്യൂസെസ്ക്യൂവിനെ ഓർത്തുകൊണ്ട് മറ്റുള്ളവർക്കൊപ്പം നടന്നു. നിക്കോളെ സിയോസെസ്ക്യൂ ജനിച്ചത് റൊമാനിയയിലെ സ്കോർണിസെറ്റിയിയിലുള്ള ഒരു ദരിദ്ര കർഷകകുടുംബത്തിൽ 1918 നാണ്. കുടുബത്തിലെ ഒമ്പത് മക്കളിൽ മൂന്നാമൻ. ചെറുപ്പം മുതൽ വളരെ ശുണ്ഠിയുള്ള, മറ്റ് കുട്ടികളുമായി വഴക്കുണ്ടാക്കുന്ന സ്വഭാവം. അതിന്റെ പേരിൽ പ്രഥമ അധ്യാപകൻ സ്കൂളിൽ മാതാപിതാക്കളെ വരുത്തി ശാസിച്ചു. 1936 ൽ കമ്മ്യൂണിസ്റ്റ് പ്രവർത്തനങ്ങളുടെ പേരിൽ പതിനെട്ട് വയസുള്ളപ്പോൾ പോലീസ് അറസ്റ്റ് ചെയ്തു. രണ്ട് വർഷം ജയിലിൽ കിടന്നു. 1930 കളുടെ തുടക്കത്തിൽ റൊമാനിയൻ കമ്മ്യൂണിസ്റ്റ് യുവജന പ്രസ്ഥാനത്തിലെ അംഗമായിരുന്ന സ്യൂസെസ്കു 1936 ലും 1940 ലും കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തനങ്ങളുടെ പേരിൽ ജയിലിലായി. ജയിലിലും സഹ തടവുകാരുമായി ഏറ്റുമുട്ടുക പതിവായിരുന്നു.

സോവിയറ്റ് അധിനിവേശത്തിന് തൊട്ടുമുമ്പ് 1944 ഓഗസ്റ്റിൽ ജയിലിൽ നിന്ന് രക്ഷപ്പെട്ടു. യൂണിയൻ ഓഫ് കമ്മ്യൂണിസ്റ്റ് യൂത്ത് സെക്രട്ടറിയായി (1944-45). റൊമാനിയയിൽ 1947 ൽ കമ്മ്യൂണിസ്റ്റുകൾ അധികാരത്തിൽ വന്നപ്പോൾ സ്യൂസെസ്ക്യൂ കൃഷി മന്ത്രാലയത്തിന് നേതൃത്വം കൊടുത്തു. 1950 മുതൽ 1954 വരെ മേജർ ജനറൽ പദവിയിൽ സായുധ സേനയുടെ ഡെപ്യൂട്ടി മന്ത്രിയായി 1950-1954 വരെ സേവനമനുഷ്ഠിച്ചു. ഗൈഡിന്റെ വിവരണം കേട്ടപ്പോൾ മനസ്സിലേക്ക് വന്നത് ഇദ്ദേഹത്തിന്റെ ജീവിതം കുഴച്ച മണ്ണിൽ നിന്ന് ഒരു പ്രതിമ രൂപപ്പെടുന്നതുപോലെയായിരുന്നു. എങ്ങനെയാണ് ആ കളിമൺ പ്രതിമ തച്ചുടയ്ക്കപ്പെട്ടത്?

നിക്കോളാ സ്യൂസെസ്ക്യൂവും ഭാര്യ എലീനയും 1965 മുതൽ 1989 വരെ ഇരുപത്തിനാല് വർഷക്കാലമാണ് റൊമാനിയ ഭരിച്ചത്. അധികാരം മധുരമായി ആഘോഷിച്ചു. അത് ഈ മ്യൂസിയത്തിലും പ്രകടമാണ്. ഒരു കമ്മ്യൂണിസ്റ്റ് ഭരണകൂടത്തിന്റ ഭീകരമുഖം ജനങ്ങൾ കണ്ടു. സോഷ്യലിസ്റ്റ് ദാർശനികതയുടെ അടിത്തറ ഇളക്കുക മാത്രമല്ല, ജനങ്ങളെ ദാരിദ്ര്യത്തിലേക്ക് തള്ളിയിടുകയും ചെയ്തു. വർഗ്ഗതാൽപ്പര്യങ്ങൾ കാറ്റിൽപറത്തി. ഭരണനേതൃത്വം തൊഴിലാളിവർഗത്തിന്റെ സ്വേച്ഛാധിപത്യത്തെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു. ഭരണകൂടത്തിന്റെ ഒത്താശയോടെ ഭരണത്തിന് വിലങ്ങുതടികളായി നിന്നവർ പലവിധത്തിൽ പീഡിപ്പിക്കപ്പെട്ടു. കമ്മ്യൂണിസ്റ്റുകളല്ലാത്തവരെ വർഗശത്രുക്കളും രാജ്യദ്രോഹികളുമായി കണ്ട് കള്ളക്കേസുകളിൽപ്പെടുത്തി ജയിലിലടച്ചു. നിരപരാധികൾ ശിക്ഷിക്കപ്പെടുകയും ഒറ്റപ്പെടുകയും കൊല്ലപ്പെടുകയും ചെയ്തു.

സ്യൂസെസ്ക്യൂവിന്റെ നന്മതിന്മകളെപ്പറ്റി ഗൈഡ് വാചാലയായി. സർവ്വാധിപത്യത്തിനെതിരായി വായ് മൂടിക്കെട്ടിയ ജനങ്ങൾ സ്വാതന്ത്ര്യത്തിനും അവകാശങ്ങൾക്കുമായി തെരുവിലിറങ്ങി. ബുക്കാറെസ്റ്റിലെ തെരുവുകൾ പ്രതിഷേധക്കാരെക്കൊണ്ട് നിറഞ്ഞു.

അടിച്ചമർത്തപ്പെട്ട റൊമാനിയക്കാർ പറന്നടുക്കുന്ന പറവകളെപോലെ ഒന്നായി മധുരിമ പകരുന്ന മുദ്രാവാക്യങ്ങൾ മുഴക്കി. ഒരു ഭരണാധിപന്റെ ദൗർബല്യം ആഴമേറിയ മുറിവുകളാണ് രാജ്യത്തിനുണ്ടാക്കിയത്. കമ്മ്യൂണിസ്റ്റ് ഭരണം കീറിമുറിക്കപ്പെട്ടു. വീരപുരുഷന്മാരെപോലെ കപട കമ്മ്യൂണിസ്റ്റുകളെ പുറത്താക്കാൻ ബഹുജനങ്ങളുണർന്നു. ജനങ്ങൾക്കൊപ്പം പോലീസ് പട്ടാള സേനയിലെ പലരും പ്രതിഷേധക്കാർക്കൊപ്പം ചേർന്നു. "ഞങ്ങളുടെ സ്വാതന്ത്ര്യം ഞങ്ങളുടെ അവകാശമാണ്. സ്യൂസെസ്ക്യൂവിനെ താഴെയിറക്കു. അറസ്റ്റ് ചെയ്യൂ" എന്ന ആവശ്യമാണ് അവർ ഉന്നയിച്ചത്.

മഞ്ഞുകണങ്ങളേറ്റു കിടന്ന 1989 ഡിസംബർ മാസത്തിൽ സ്യൂസെസ്ക്യൂവും ഭാര്യ എലീനയും കേന്ദ്ര കമ്മിറ്റി കെട്ടിടത്തിൽ നിന്ന് ഹെലികോപ്റ്ററിൽ രക്ഷപ്പെടാൻ ശ്രമിച്ചെങ്കിലും വിമാനം പറത്തിയ പൈലറ്റ് വിമാന വിരുദ്ധ സേനയുടെ ആക്രമണമുണ്ടാകുമെന്ന് വ്യാജ വാർത്തയുണ്ടാക്കി തിരികെയിറക്കി. ഉടനടി രണ്ടുപേരെയും അറസ്റ്റ് ചെയ്തു. ക്രിസ്മസ് ദിനത്തിൽ അവർ വിചാരണയ്ക്ക് വിധേയരായി. ധാരാളം കുറ്റകൃത്യങ്ങളാണ് അവരുടെമേൽ ചുമത്തിയത്. നിരപരാധികളെ പീഡിപ്പിക്കൽ, ധൂർത്ത്, സ്വജന പക്ഷപാതം, അധികാര ദുർവിനിയോഗം, വംശഹത്യ, കൊലപാതകം, അനധികൃത സ്വത്ത് സമ്പാദനം തുടങ്ങിയവ കോടതി കണ്ടെത്തി വധശിക്ഷയ്ക്ക് വിധിച്ചു. രണ്ടുപേരെയും 1989 ഡിസംബർ 25-ന് വെടിവെച്ചുകൊന്നു. റൊമാനിയയിലെ ബുക്കാറെസ്റ്റിലെ ഗെൻസിയ സെമിത്തേരിയിൽ ഞങ്ങൾ കണ്ടത് വിഷാദം പൂണ്ട കുറെ ചുവന്ന പൂക്കളാണ്. കമ്മ്യൂണിസ്റ്റ് ഭരണകൂടത്തിന്റെ അടിച്ചമർത്തലുകളിൽ പിഴുതെറിയപ്പെട്ട മനുഷ്യരുടെ പ്രതീകങ്ങൾ.

Tags: Travelogue | Marxist fascism | Romania | Karoor Soman

Share | Tweet | Send | Share | Share | Send

## പ്രതികരിക്കാൻ ഇവിടെ എഴുതുക:

ദയവായി മലയാളത്തിലോ ഹിന്ദിയിലോ ഇംഗ്ലീഷിലോ മാത്രം അഭിപ്രായം എഴുതുക. പ്രതികരണങ്ങളിൽ അശ്ലീലവും അസഭ്യവും നിയമവിരുദ്ധവും അപകീർത്തികരവും സ്പർദ്ധ വളർത്തുന്നതുമായ പരാമർശങ്ങൾ ഒഴിവാക്കുക. വ്യക്തിപരമായ അധിക്ഷേപങ്ങൾ പാടില്ല. വായനക്കാരുടെ അഭിപ്രായങ്ങൾ ജന്മഭൂമിയുടേതല്ല.


0 comments | Sort by Oldest

Add a comment...

Facebook Comments Plugin

## പുതിയ വാർത്തകൾ


വാരഫലം: ജൂൺ 17 മുതൽ 23 വരെ; ഈ നാളുകാർക്ക് ജോലിയിൽ പ്രൊമോഷനുണ്ടാകും….


12 വയസ്സുകാരിയെ 72-കാരന് നിക്കാഹ് ചെയ്തുകൊടുക്കാൻ ശ്രമം, തടഞ്ഞ് പോലീസ്


കമിതാക്കളുടെ സല്ലാപം അതിരു വിട്ടു; ചോദ്യം ചെയ്ത ആളെ മർദ്ദിച്ച് പെൺകുട്ടികളടങ്ങിയ സംഘം



എസ്.രമേശൻ നായർ അനുസ്മരണം നടത്തി



കെഎസ്ആർടിസി ബസിൽ യുവതിക്കുനേരെ ലൈംഗികാതിക്രമം; അതിക്രമം നടത്തിയ യുവാവിനെ…


ബിഗ്ബോസ് ഗ്രാൻഡ് ഫിനാലെ കൊഴുപ്പിക്കാൻ ലാലേട്ടനൊപ്പം മമ്മൂക്കയും എത്തുമോ?


മൺസൂൺ ഇളവുകൾ


സേലം- കൊച്ചി ദേശീയപാതയിൽ മലയാളി യാത്രക്കാർക്ക് നേരെ ആക്രമണം; പതിനഞ്ചംഗ…



പതപ്പ്…..


കോട്ടയത്ത് പൊലീസുകാരനെ കാണാനില്ലെന്ന് പരാതി

## ബന്ധപ്പെട്ട വാർത്തകൾ



ഹരിദ്വാറിലെ ഹൃദയകമലങ്ങൾ



അനുഭൂതി പകരുന്ന ഒരു യാത്ര

© Mathruka Pracharanalayam Limited.
Tech-enabled by Ananthapuri Technologies